Circular No.8/2015

ദൈവകൃപയാൽ

*നിരണം ഭദ്രാസന ഇടവകയുടെ*

# *യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായിൽ നിന്നും*

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം ജനങ്ങളും കൂടിക്കണ്ടൊൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

നമ്മുടെ സഭയിലെ വൈദികരുടെയും, ശുശ്രൂഷകരുടെയും സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതു സംബന്ധിച്ച് പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സിലെ 2015 മെയ് മാസം 19-ാം തീയതിയിലെ 114/2015 നമ്പർ കല്പന ഇതിനോടകം നമ്മുടെ എല്ലാ പള്ളികൾക്കും ലഭിച്ചിരിക്കും എന്ന് കരുതട്ടെ. സഭയിൽ വൈദികശുശ്രൂഷ ചെയ്യുന്ന നമ്മുടെ വൈദികരെ കരുതേത് നമ്മുടെ കടമയും, ഉത്തരവാദിത്തവുമാണല്ലോ. ഈ കാര്യത്തിൽ നമ്മുടെ എല്ലാ ഇടവകകളും ആത്മാർത്ഥമായി സഹകരിക്കുന്നതിനെ നന്ദിപൂർവ്വം സ്മരിക്കുകയും, ഏവരെയും ശ്ലാഘിക്കുകയും ചെയ്യുന്നു. സഭാ സമിതികളുടെ വിശദമായ പഠനത്തിനും ചർച്ചകൾക്കും ശേഷമാണ് ഇപ്രകാരം ഒരു വ്യവസ്ഥയ്ക്ക് രൂപം നൽകിയത്. ഈ പുതിയ വ്യവസ്ഥ നടപ്പാക്കുമ്പോഴും ഒരു ലാസ്റ്റ് ഗ്രേഡ് ജീവനക്കാരന് ലഭിക്കുന്ന വേതനം പോലും നൽകുവാൻ കഴിയുന്നില്ലായെന്ന യാഥാർത്ഥ്യവും മറച്ചുവയ്ക്കുന്നില്ല.

ബഹുമാനപ്പെട്ട വൈദികരുടെ പ്രതിമാസവേതനം, പെൻഷൻ, അരമന-ആഫീസ് ചെലവുകൾ എല്ലാം നടക്കേത് പള്ളികളിൽനിന്നും ലഭിക്കുന്ന വിഹിതംകൊ് മാത്രമാണ്. പുതുക്കിയ വേതനപദ്ധതി നടപ്പാക്കുന്നതിന് ഇപ്പോൾ നല്കിക്കൊിരിക്കുന്ന വിഹിതത്തിന്റെ 55% വർദ്ധിപ്പിച്ചാലും, പ്രതിമാസം 50000/- രൂപയെങ്കിലും അധികമായി കത്തെണം. ഈ സാഹചര്യങ്ങൾ എല്ലാം നിങ്ങൾ മനസ്സിലാക്കി ആത്മാർത്ഥമായി തുടർന്നും സഹകരിക്കണമെന്ന് സ്നേഹപൂർവ്വം നിങ്ങളോട് ആവശ്യപ്പെടുന്നു. 2015 ഏപ്രിൽ മാസം 1-ാം തീയതി മുതൽ ഈ പദ്ധതി നടപ്പാക്കേതിനാൽ ജൂൺ മാസത്തിലെ വിഹിതം അടയ്ക്കുമ്പോൾ ഏപ്രിൽ-മെയ് മാസത്തിലേതുകൂടി ചേർത്തടയ്ക്കണം.

പുതുക്കിയ ക്രമീകരണപ്രകാരം ആ പള്ളിയിൽനിന്നും ഇപ്പോൾ പ്രതിമാസം അടച്ചുകൊിരിക്കുന്ന തുകയുടെ കൂടെ ........................../- രൂപകൂടി ചേർത്ത് അടയ്ക്കേതാണ്.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ

എന്ന് 2015 ജൂൺ മാസം 15-ാം തീയതി
തിരുവല്ലാ ബഥനി അരമനയിൽ നിന്നും

യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്
മെത്രാപ്പോലീത്താ.